LIBRARY ARCHIVES Kerala Legislative Assembly

**ബേക്കൽ പോലീസ് ക്രൈം നമ്പർ 16/17 സംബന്ധിച്ച വിശദാംശം**

150 (1804) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 16/17 കെ. ദേവകി കൊലക്കേസ്, ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ കേസ്സിൽ ആരെയെങ്കിലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 16/17 കെ. ദേവകി കൊലക്കേസ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം (സി.ബി.സി.ഐ.ഡി., എച്ച്.എച്ച്.ഡബ്ല്യൂ-3) കണ്ണൂർ സബ് യൂണിറ്റിലെ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. (CBCID Cr.No.109//Cr./ HHW-III/KKD/17)

(ബി) ഈ കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്തുന്നതിന് സഹായകരമായ തെളിവുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

**സി-ഡിറ്റ് ജോയിന്റ് ഡയറക്ടർക്കെതിരെയുള്ള വിൻജിലസ് കേസ്**

151 (1806) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. ഉണ്ണികൃഷ്ണനെതിരെയുള്ള വിജിലൻസ് കേസിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭിച്ചോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സി-ഡിറ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. ഉണ്ണികൃഷ്ണനെതിരെയുള്ള വി.സി.2/12/എസ്.ഐ.യു.-1/ഐ.കെ.എം. നമ്പർ വിജിലൻസ് കേസ്സിന്റെ അന്വേഷണം പൂർത്തിയായി. 22-10-2016 തീയതിയിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.